MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.C1/85/Law, dated 17th April 1985
NAAC GRADE A++

വാർത്താക്കുറിപ്പ്

2026 നവംബർ 2

മഹാത്മാഗാന്ധി സർവകലാശാലയിൽ ഭരണഭാഷാ വാരാഘോഷത്തിന് തുടക്കം

മഹാത്മാഗാന്ധി സർവകലാശാലയിൽ ഭരണഭാഷാ വാരാഘോഷത്തിന് ആരംഭം. ഞായറാഴ്ച അഡ്മിന്സ്ട്രേറ്റീവ് ബ്ലോക്കിൽ നടന്ന പരിപാടിയിൽ രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ് വർഗീസ് ബാനർ അനാച്ഛാദനം ചെയ്ത് പ്രചരണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

തിങ്കളാഴ്ച നടന്ന ഭരണഭാഷാ സംഗമത്തിൽ ഫിനാൻസ് ഓഫീസർ ബിജു മാത്യു ഭരണഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഔദ്യോഗിക ഭാഷാ സമിതി അധ്യക്ഷൻ പ്രൊഫസർ (ഡോ.) ഹരികുമാർ എസ്. ആമുഖ പ്രഭാഷണം നടത്തി. സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. പി. കെ. മോഹൻരാജ്, ഡോ. ജോബിൻ ജോസഫ്, പ്രൊഫ. (ഡോ.) പ്രമോദ് ഗോപിനാഥ് എന്നിവർ ആശംസയർപ്പിച്ചു സംസാരിച്ചു. സർവകലാശാലാ ജീവനക്കാർ പരിപാടിയിൽ പങ്കെടുത്തു.

ക്ലാസുകൾ, പ്രശ്നോത്തരി തുടങ്ങി വിവിധ പരിപാടികളാണ് ഏഴാം തീയതി വരെ നീണ്ടുനിൽക്കുന്ന വാരാഘോഷത്തിൽ സംഘടിപ്പിക്കുന്നത്.

ഫോട്ടോ ക്യാപ്ഷനുകൾ: 1. രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ് വർഗീസ് ബാനർ അനാച്ഛാദനം ചെയ്ത് പ്രചരണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നു.

2. ഫിനാൻസ് ഓഫീസർ ബിജു മാത്യു ഭരണഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു.

പി.ആർ.ഒ/980/2026

കമ്പ്യൂട്ടേഷൻ സ്റ്റേറ്റ്മെന്റ് നൽകണം

മഹാത്മാ ഗാന്ധി സർവകലാശാലാ പെൻഷൻകാരുടെ 2026-2027 സാമ്പത്തിക വർഷത്തെ വരുമാന നികുതി കണക്കാക്കുന്നതിനുള്ള അന്തിമ കമ്പ്യൂട്ടേഷൻ സ്റ്റേറ്റ്മെൻറ് ഫോറം നവംബർ 20ന് മുൻപ് സമർപ്പിക്കണം.

സർവകലാശാല വെബ്സൈറ്റിൽ (www.mgu.ac.in) സർക്കുലർ, പെൻഷൻ പോർട്ടൽ എന്നിവിടങ്ങളിൽ ലഭിക്കുന്ന ഫോം പൂരിപ്പിച്ച് നടപ്പു സാമ്പത്തിക വർഷത്തെ സേവിംഗ്സിൻറെ അസ്സൽ രേഖകൾ സഹിതം രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-686560 എന്ന വിലാസത്തിലോ, ada8@mgu.ac.in എന്ന ഇമെയിലേക്കോ അയയ്ക്കണം.

പി.ആർ.ഒ/981/2026

പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ എംഎ, എംഎസ്.സി, എംകോം, എംഎസ്ഡബ്ല്യു, എംഎജെഎംസിഎ, എംടിടിഎം, എംഎച്ച്എം, എംഎഫ്എ (പിജിസിഎസ്എസ്) (2026 അഡ്മിഷൻ റഗുലറും ഇംപ്രൂവ്മെൻറും, 2021-2025 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) നാലാം സെമസ്റ്റർ എംഎൽഐസി, (2026 അഡ്മിഷൻ റഗുലർ, 2021-2025 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) ഡിസംബർ 2026 പരീക്ഷകൾക്ക് നവംബർ 18 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 20 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 23 വരെയും അപേക്ഷ സ്വീകരിക്കും.

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ എൽഎൽഎം (2024 അഡ്മിഷൻ റഗുലർ, 2022, 2023 അഡ്മിഷനുകൾ സപ്ലിമെൻററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾക്ക് നവംബർ 11 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 12 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 13 വരെയും അപേക്ഷ സ്വീകരിക്കും.

പി.ആർ.ഒ/982/2026

പ്രാക്ടിക്കൽ

ഏഴാം സെമസ്റ്റർ ബിഎച്ച്എം (പുതിയ സ്കീം-2023 അഡ്മിഷൻ റഗുലർ, 2020-2022 അഡ്മിഷനുകൾ സപ്ലിമെൻററി) ഒക്ടോബർ 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 23 മുതൽ പാലാ സെൻറ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെൻറ് ആൻഡ് കാറ്ററിംഗ് ടെക്നോളജിയിൽ വെച്ച് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

ഒന്നു മുതൽ നാലു വർഷ എംഎസ്.സി മെഡിക്കൽ മൈക്രോബയോളജി (അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) ഒക്ടോബർ 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 9 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

അഞ്ചാം സെമസ്റ്റർ ബിഎച്ച്എം (പുതിയ സ്കീം-2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020-2023 അഡ്മിഷനുകൾ സപ്ലിമെൻററി) ഒക്ടോബർ 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 19 മുതൽ പാലാ സെൻറ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെൻറ് ആൻഡ് കാറ്ററിംഗ് ടെക്നോളജിയിൽ വെച്ച് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

പി.ആർ.ഒ/982/2026

പബ്ലിക് റിലേഷൻസ് ഓഫീസർ